

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Suraj S.** **Editor : Dr. Saritha Vijayan K.**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-14/09/2022.

1. കുട്ടനാട്ടിൽ രണ്ടാംകൃഷി ഇറക്കിയ, ചമ്പക്കുളം, കൈനകരി, നെടുമുടി, എടത്വാ, പുന്നപ്ര നോർത്ത്, പുന്നപ്ര സൗത്ത്, കരുവാറ്റ, ആലപ്പുഴ എന്നീ കൃഷിഭവനുകളുടെ പാടശേഖരങ്ങളിൽ, മുഞ്ഞയുടെ സാന്നിധ്യം കാണുന്നുണ്ട്. ഈ സാഹചര്യത്തിൽ കർഷകർ വളരെ കരുതലോടു കൂടിയിരിക്കണം. സാങ്കേതിക നിർദ്ദേശം പ്രകാരമല്ലാതെ ഒരു കീടത്തിനെതിരെയും രാസകീടനാശിനികൾ പ്രയോഗിക്കരുത്. കൃഷിയിടത്തിൽ പ്രയോഗിക്കുന്ന ഏതൊരു കീടനാശിനിയും തുടർന്ന് മുഞ്ഞയുടെ വംശവർദ്ധനവിന് ഇടയാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കർഷകർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. ഏതെങ്കിലും സാഹചര്യത്തിൽ മുഞ്ഞയുടെ ആക്രമണം രൂക്ഷമായി കീടനാശിനി പ്രയോഗം ആവശ്യമായി വരുന്ന പക്ഷം മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രവുമായോ അതത് കൃഷിഭവനുമായോ ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470696** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. റബ്ബർമരങ്ങളിൽ പുതുതായി ടാപ്പിങ് ആരംഭിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ടാപ്പിങ്ങിനായി അടയാളപ്പെടുത്തൽ, ഇടവേളകൂടിയ ടാപ്പിങ് എന്നീ വിഷയങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഈ വിഷയങ്ങൾ സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ന് (സെപ്റ്റംബർ 14) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഫോണിലൂടെ മറുപടി പറയും. **0481 2576622** എന്നതാണ് കോൾസെന്റർ നമ്പർ.

3. പാലക്കാട് പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാനകേന്ദ്രത്തിൽ WCT ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ തൈ ഒന്നിന് 110 രൂപ നിരക്കിൽ വിൽപ്പനക്ക് തയ്യാറായിരിക്കുന്നു. താൽപ്പര്യമുള്ളവർ **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. **ആര്യനാട്** ഗ്രാമപഞ്ചായത്തിന്റെയും മൃഗാശുപത്രിയുടെയും ആഭിമുഖ്യത്തിൽ ഈ മാസം 28 വരെപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പനവൂർ** ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഡിസ്പെൻസറി ആട്ടുകാലിന്റെയും ആഭിമുഖ്യത്തിൽ ഇന്നും നാളെയുമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വാക്സിനേഷൻ ചാർജ്ജ് മുപ്പത് രൂപയും ലൈസൻസ് ചാർജ്ജ് പത്ത് രൂപയുമാണെന്ന് വെറ്ററിനറി സർജൻ അറിയിച്ചു.

**കാട്ടാക്കട** ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഹോസ്പിറ്റലിന്റെയും ആഭിമുഖ്യത്തിൽ ഈ മാസം 28 വരെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വളർത്തുനായ്ക്കൾ, പൂച്ചകൾ എന്നിവയെ മുപ്പത് രൂപ അടച്ച് പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കണമെന്ന് സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടാതെ, ഏതെങ്കിലും സാഹചര്യത്തിൽ ക്യാമ്പിൽ കൊണ്ടുവരാൻ സാധിക്കാത്ത നായ്ക്കളെ ഈ മാസം 17 മുതൽ 28 (സെപ്റ്റംബർ 17 മുതൽ 28 വരെ) വരെയുള്ള തീയതികളിൽ ആശുപത്രിയിൽ കൊണ്ടുവന്ന് വാക്സിനേഷൻ എടുക്കാവുന്നതാണെന്നും സീനിയർ വെറ്ററിനറി സർജൻ അറിയിക്കുന്നു.

**വിതുര** ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഡിസ്പെൻസറിയുടെയും ആഭിമുഖ്യത്തിൽ ഈ മാസം 28 വരെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വളർത്തുനായ്ക്കൾ, പൂച്ചകൾ എന്നിവയെ മുപ്പത് രൂപ അടച്ച് പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കണമെന്ന് വെറ്ററിനറി സർജൻ അറിയിച്ചു. കൂടാതെ, ഏതെങ്കിലും സാഹചര്യത്തിൽ ക്യാമ്പിൽ കൊണ്ടുവരാൻ സാധിക്കാത്ത നായ്ക്കളെ ഈ മാസം 16 മുതൽ 28 (സെപ്റ്റംബർ 16 മുതൽ 28 വരെ) വരെയുള്ള തീയതികളിൽ ആശുപത്രിയിൽ കൊണ്ടുവന്ന് വാക്സിനേഷൻ എടുക്കാവുന്നതാണെന്നും വെറ്ററിനറി സർജൻ അറിയിക്കുന്നു.

5. കേരള കാർഷിക സർവ്വകലാശാലയുടെ, മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ, അത്യൽപാദന ശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈകളായ കേരശ്രീ, കേരസങ്കര, കേരഗംഗ എന്നിവയുടെ വലി തൈകൾ (മൊത്തം 400 എണ്ണം) ലഭ്യമാണ്. വില 250/- രൂപ. ബുക്കിങ്ങ് ഉണ്ടായിരിക്കുന്നതല്ല.

6. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ 1300 ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻ കുഞ്ഞുങ്ങൾ പത്ത് രൂപ നിരക്കിൽ ഈ മാസം 16-ന് (സെപ്റ്റംബർ 16) വിതരണം

ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണി വരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (സെപ്റ്റംബർ 15) രാവിലെ 11 മണിക്ക് **ഇലക്കറികളുടെ പ്രാധാന്യം** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

8. പാലക്കാട് പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാനകേന്ദ്രത്തിൽ **സൂക്ഷ്മ ജലസേചന രീതികളെക്കുറിച്ച്** പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. തലയോലപറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം 15,16 (15/09/22,16/09/22) തീയതികളിൽ ആട് വളർത്തൽ എന്ന വിഷയത്തിലും 22,23 (22/09/22, 23/09/22) തീയതികളിൽ മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിലും സൗജന്യ പരിശീലന ക്ലാസ്സുകൾ നടത്തുന്നു. താൽപര്യമുള്ളവർ **9188522706** എന്ന നമ്പറിൽ വാട്സ്ആപ്പ് സന്ദേശം മുഖേനയോ അല്ലെങ്കിൽ **04829234323** എന്ന നമ്പറിൽ ഫോൺ ചെയ്തോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ സെപ്റ്റംബർ **15, 16** തീയതികളിൽ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.